കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റൻസിന് തദ്ദേശഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം. 426/2019/തസ്വഭവ　　　　　　　　തിരുവനന്തപുരം, തീയതി, 26.02.2019

പരാമർശം :- 1. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.12.2018-ലെ P2/2924/KSSM(2) നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.19 -ലെ യോഗത്തിന്റെ തീരുമാനം നം. 4.46

## <u>ഉത്തരവ്</u>

കേരളത്തിൽ ഏകദേശം 2000 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റുകൾ ചെയ്തിട്ടുണ്ട്. ഇതു പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനും വർഷംതോറും വലിയ ചെലവു വരുന്ന തിനാൽ രക്ഷകർത്താക്കൾക്ക് വളരെ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇതു സംബന്ധിച്ച് പല കമ്പനികളുമായും രക്ഷകർത്താക്കളുമായും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) നടത്തിയ ചർച്ചയിൽ ആയതു പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനും പ്രതിവർഷം 20,000/- രൂപ മുതൽ 1,00,000/- രൂപവരെ ചെലവ് വരുമെന്നും എന്നാൽ സ്പീച്ച് പ്രൊസസ്സർ കേട്ടു വന്നാൽ 4.00 ലക്ഷം രൂപ വരെ ചെലവു വരുമെന്നും മനസ്സിലാക്കുകയും ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ഇവ പ്രത്യേകമായി വാങ്ങുന്നതിനു പകരം ഉപകരണങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) തന്നെ വാങ്ങുന്നതാണ് നല്ലതെന്നും ആയതിനാൽ ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ഒരു കുട്ടിക്ക് നിർബന്ധമായും 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം KSSM-ലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ പ്രസ്തുത വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ വിശദമായി പരിശോധിച്ചു. ടി യോഗത്തിന്റെ പരാമർശം(2)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് കോക്ലിയർ ഇംപ്ലാന്റു ചെയ്തു തരുന്ന കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ